**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2562 17.06.2019 -ലെ മറുപടിക്ക്**

**<u>പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നൽകുന്ന പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വന്തമായി വീടുകളില്ലാത്ത പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 4 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. 2018-19 വർഷം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് മിഷൻ പദ്ധതി പ്രകാരമാണ് വീട് അനുവദിക്കുന്നത്. 2007-08 മുതൽ 2017-18 വർഷം വരെ അനുവദിച്ച വീടുകളിൽ പൂർത്തീകരിക്കാതെ സ്പിൽ ഓവറായി അവശേഷിക്കുന്ന വീടുകൾ പൂർത്തീകരിക്കുന്നതിന് വർദ്ധിപ്പിച്ച നിരക്കിൽ തുക അനുവദിച്ച് നൽകി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ്, ഹഡ്കോ, വനബന്ധു കല്യാൺ യോജന എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം 6709 വീടുകൾ അനുവദിച്ചതിൽ 278 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. കൂടാതെ മുൻ വർഷങ്ങളിൽ അനുവദിച്ചതും 31.03.2016 നുള്ളിൽ പൂർത്തീകരിക്കാത്തതുമായ |

| | | | |
|---|---|---|---|
| | | | 12183 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ച് കൊണ്ട് പൂർത്തീകരിച്ച വരുന്നു. അതിൻ പ്രകാരം 10267 വീടുകൾ 10.06.2019 വരെ പൂർത്തീകരിച്ചു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വന്തമായി വീടില്ലാത്ത എത്ര പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2016-17 വർഷം 14906 വീടുകളും 2017-18 വർഷം 8895 വീടുകളും ഉൾപ്പെടെ ആകെ 23,801 വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2018-19 വർഷത്തിൽ 6130 വീടുകൾക്ക് ലൈഫ് മിഷൻ മുഖേന ധനസഹായം അനുവദിക്കുകയും ചെയ്തു. വിശദാംശങ്ങൾ അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു. ഇതിന് പുറമേ 2018 വർഷത്തെ പ്രളയത്തിൽ പൂർണ്ണമായും തകർന്ന 245 വീടുകൾ നിർമ്മിക്കുന്നതിനും ധനസഹായം അനുവദിച്ചിട്ടുണ്ട്.<br>വിവിധ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016-17 വർഷം 6709 വീടുകളുടെ നിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയും 278 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു. കൂടാതെ ലൈഫ് മിഷൻ സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികവർഗ്ഗക്കാരായ 6025 ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ മുഖേന വീട് അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം അനുവദിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള വിവരം

| ക്രമ നം | ജില്ല | വർഷം | | | ആകെ |
|---|---|---|---|---|---|
| | | 2016-17 | 2017-18 | 2018-19 | |
| 1 | തിരുവനന്തപുരം | 1670 | 1001 | 2 | 2673 |
| 2 | കൊല്ലം | 1620 | 840 | 0 | 2460 |
| 3 | പത്തനംതിട്ട | 861 | 497 | 31 | 1389 |
| 4 | ആലപ്പുഴ | 1014 | 575 | 45 | 1634 |
| 5 | കോട്ടയം | 759 | 455 | 0 | 1214 |
| 6 | ഇടുക്കി | 559 | 435 | 17 | 1011 |
| 7 | എറണാകുളം | 1355 | 822 | 0 | 2177 |
| 8 | തൃശ്ശൂർ | 1635 | 975 | 130 | 2740 |
| 9 | പാലക്കാട് | 2121 | 1198 | 5 | 3324 |
| 10 | മലപ്പുറം | 1522 | 900 | 2 | 2424 |
| 11 | കോഴിക്കോട് | 984 | 586 | 0 | 1570 |
| 12 | വയനാട് | 170 | 142 | 12 | 324 |
| 13 | കണ്ണൂർ | 374 | 264 | 1 | 639 |
| 14 | കാസറഗോഡ് | 262 | 205 | 0 | 467 |
| ആകെ | | **14906** | **8895** | **245** | **24046** |

സെക്ഷൻ ഓഫീസർ

## അനുബന്ധം-II

| ക്രമ നം. | ജില്ല | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പൂർത്തീകരിക്കാനുള്ളവ |
|---|---|---|---|---|
| 1 | തൃശ്ശൂർ | 47 | 3 | 44 |
| 2 | പാലക്കാട് | 1040 | 1 | 1039 |
| 3 | മലപ്പുറം | 92 | 5 | 87 |
| 4 | കോഴിക്കോട് | 12 | 3 | 9 |
| 5 | വയനാട് | 5454 | 234 | 5220 |
| 6 | കണ്ണൂർ | 24 | 23 | 1 |
| 7 | കാസർഗോഡ് | 40 | 9 | 31 |
| | **ആകെ** | **6709** | **278** | **6431** |

സെക്ഷൻ ഓഫീസർ